



# 6.2 കിലോ കഞ്ചാവുമായി മധ്യവയസ്കൻ പിടിയിൽ



കോയട്ടി–വയസ്സ്ഃ 45

തമിഴ്നാട്ടിൽ നിന്നും പാലക്കാട് വഴി കോഴിക്കോട്ടേക്ക് ബസ് മാർഗ്ഗം കടത്തുകയായിരുന്ന 6.200 കിലോഗ്രാം കഞ്ചാവുമായി മധ്യവയസ്കനെ ടൗൺ നോർത്ത് SI .R. രഞ്ജിത്തും, ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും ചേർന്ന് പാലക്കാട് സ്റ്റേഡിയം ബസ് സ്റ്റാൻഡിൽ വെച്ച് അറസ്റ്റു ചെയ്തു. കോഴിക്കോട്, സൗത്ത് ബീച്ച് സ്വദേശി കോയട്ടി വ ഃ 45 ആണ് പിടിയിലായത്. ടിയാൻെറ പക്കൽ നിന്നും ബാഗിൽ സൂക്ഷിച്ചിരുന്ന കഞ്ചാവ് പോലീസ് കസ്റ്റഡിയിലെടുത്തു. പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ 3 ലക്ഷത്തോളം രൂപ വില വരും. തമിഴ്നാട്ടിൽ നിന്ന് 8000 രൂപക്ക് വാങ്ങിക്കുന്ന ഒരു കിലോ കഞ്ചാവ് 50,000 രൂപക്കാണ് ചില്ലറ വിപണിയിൽ വിറ്റഴിക്കുന്നത്. ആന്ധ്രയിൽ നിന്നും ലോഡുകണക്കിന് വിവിധയിടങ്ങളിൽ

സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തി വരുന്നത്. മുഖ്യമായും പഴനി, ദിണ്ടിഗൽ, ഒട്ടൻ ഛത്രം, സെമ്പട്ടി, കമ്പം, തേനി, ഈറോഡ് , നാമക്കൽ, സേലം എന്നിവിടങ്ങളിൽ നിന്നാണ് കേരളത്തിലേക്ക് കഞ്ചാവ് കടത്തുന്നത്.

സംസ്ഥാനത്തേക്കുള്ള കഞ്ചാവ് കടത്ത് തടയുന്നതിനായി പാലക്കാട് ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹ്റ IPS , നർകോട്ടിക് സെൽ DySP ഷംസുദ്ദീൻ എന്നിവരുടെ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക ലഹരി വിരുദ്ധ സ്ക്വാഡാണ് റെയിൽവേ സ്റ്റേഷനുകൾ ബസ്സ് സ്റ്റാന്റുകൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധന നടത്തി വരുന്നത്. കഞ്ചാവിന്റെ ഉറവിടത്തെക്കുറിച്ച് പോലീസ് തുടരന്വേഷണം നടത്തിവരുന്നുണ്ട്. നടപടിക്രമങ്ങൾക്ക ശേഷം പ്രതിയെ കോടതിയിൽ ഹാജരാക്കി.

ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡ് [ ഡാൻസാഫ് ] സബ് ഇൻസ്പെക്ടർ R. രഞ്ജിത്ത്, സ്ക്വാഡ് അംഗങ്ങളായ R. കിഷോർ, M. സുനിൽ, K. അഹമ്മദ് കബീർ, R.വിനീഷ്, R. രാജീദ് , ടൗൺ നോർത്ത് CPO മാരായ രജിത് സുന്ദർ, S. സജീന്ദ്രൻ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് കടത്ത് പിടികൂടിയത്.

................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT